LIBRARY ARCHIVES Kerala Legislative Assembly

കുറ്റ്യാടി, വേളം നെൽകൃഷി പദ്ധതി

206 (3492) ശ്രീമതി കെ. കെ. ലതിക : താഴെകാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുറ്റ്യാടി പഞ്ചായത്തിലെയും വേളം പഞ്ചായത്തിലെയും പാടശേഖരങ്ങളിൽ നടപ്പാക്കേണ്ട നിർമ്മാണ പ്രവർത്തനങ്ങൾക്ക് എത്ര കോടി രൂപയുള്ള ഭരണാനുമതിയാണ് ലഭിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ ;

(ബി) എന്തെല്ലാം പ്രവൃത്തികളാണ് പ്രസ്തുത പാടശേഖരങ്ങളിൽ നടപ്പാക്കുക എന്ന് വിശദമാക്കുമോ ;

(സി) ഇത്തരം പ്രവൃത്തികൾക്ക് സാങ്കേതികാനുമതി ലഭിച്ചിട്ടുണ്ടോ ;

(ഡി) ഇല്ലെങ്കിൽ സാങ്കേതികാനുമതി എപ്പോൾ ലഭ്യമാകും എന്ന് വിശദമാക്കുമോ ;

(ഇ) പ്രസ്തുത പ്രവൃത്തികൾ പൂർത്തിയാക്കുന്നതോടെ എത്ര ഹെക്ടറിൽ നെൽകൃഷി കൂടുതലായി ചെയ്യാൻ കഴിയുമെന്നും എത്ര ടൺ നെല്ല് കൂടുതലായി ഉത്പാദിപ്പിക്കാൻ കഴിയുമെന്നും കണക്കാക്കിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 8.5 കോടി രൂപയുടെ ഭരണാനുമതിയാണ് നൽകിയിട്ടുള്ളത്.

(ബി) വേളം പഞ്ചായത്തിലെ കക്കുന്നി പാടശേഖരത്തിലെ വാട്ടർ ടാങ്ക് നിർമ്മാണം, ലിഫ്റ്റ് ഇറിഗേഷൻ സ്കീം, കിണർ നിർമ്മാണം, പമ്പ് ഹൗസ് നിർമ്മാണം, ചെറിയാണ്ടി കുന്നുമ്മൽ പാടശേഖരത്തിലെ ചാത്തോത്ത്പൊയിൽ ലിഫ്റ്റ് ഇറിഗേഷൻ, ടില്ലർ ബണ്ട് നിർമ്മാണം, മീൻപാലം ലിഫ്റ്റ് ഇറിഗേഷൻ, ചാത്തോത്ത്പൊയിൽ പമ്പ് ഹൗസ് നിർമ്മാണം, മീൻപാലം പമ്പ് ഹൗസ് നിർമ്മാണം. കുറിച്ചകം പാടശേഖരത്തിലെ ടില്ലർ ബണ്ട് നിർമ്മാണം, പാവുല്ലാട്ടുവയൽ പാടശേഖരത്തിലെ കാപ്പ നവീകരണം, കുഴിവയൽ പാടശേഖരത്തിലെ തോടുകളുടെ പാർശ്വ സംരക്ഷണം, നാരായണിനട പാടശേഖരത്തിലെ തോടുകളുടെ പാർശ്വ സംരക്ഷണം, വാചാൽനട പാടശേഖരത്തിലെ തോടുകളുടെ പാർശ്വസംരക്ഷണം, തീക്കുന്നി പാടശേഖരത്തിലെ തോടുകളുടെ പാർശ്വ സംരക്ഷണം, തീക്കുന്നി പാടശേഖരത്തിലെ വെന്റഡ് ക്രോസ് ബാർ (വി.സി.ബി.) നിർമ്മാണം, തോട്ടുക്കുമ്മൽ,

LIBRARY ARCHIVES Kerala Legislative Assembly

മുഴിക്കൽ തോടുകളുടെ പാർശ്വ സംരക്ഷണം, എടവലത്തുതാഴെ അടിവയൽ ഫാം റോഡിന്റെ നിർമ്മാണം, തോട്ടുക്കുമ്മൽ ഇറിഗേഷൻ സ്കീം, എടവലത്തു താഴെ ലിഫ്റ്റ് ഇറിഗേഷൻ സ്കീം, പാറമണൽ താഴെ ലിഫ്റ്റ് ഇറിഗേഷൻ സ്കീം, വാരാപ്പുറത്ത് താഴെ ലിഫ്റ്റ് ഇറിഗേഷൻ സ്കീം, എടവലത്തുതാഴെ പമ്പ് ഹൗസ് നിർമ്മാണം, പാറമണൽ താഴെ പമ്പ് നിർമ്മാണം വാരാപ്പുറത്ത് താഴെ പമ്പ് ഹൗസ് നിർമ്മാണം, അടിവയൽ കാപ്പ നവീകരണം, തോട്ടുക്കുമ്മലിലെ വി.സി.ബി. നിർമ്മാണം, തെയ്യാട്ട താഴെ പാടശേഖരത്തിലെ തെയ്യാട്ട താഴെമണിക്കോത്തു താഴെ തോടുകളുടെ പാർശ്വ സംരക്ഷണം, ശാന്തിനഗർ പാടശേഖരത്തിലെ തോടുകളുടെ പാർശ്വ സംരക്ഷണം, ചെറുകുന്ന് പാടശേഖരത്തിലെ കുണ്ടുകുട്ടിൽ താഴില്ല്യത്ത് താഴെതോട്ട പാർശ്വ സംരക്ഷണം.

കുറ്റ്യാടി പഞ്ചായത്തിലെ ഊരാത്ത്, വടയത്ത് പാടശേഖരങ്ങളുടെ തോടുകളുടെ പാർശ്വസംരക്ഷണം, ഊരാത്ത് പാടശേഖരത്തിലെ വി.സി.ബി. നിർമ്മാണം, എൽ.എസ്. ഫോർ കെ.എസ്.ഇ.ബി. കണക്ഷൻ എന്നിവയാണ് പ്രസ്തുത പദ്ധതികളിലുൾപ്പെടുത്തി നടപ്പിലാക്കുന്ന പ്രവൃത്തികൾ.

(സി&ഡി) ഇല്ല. പരിശോധനയിലാണ്.

(ഇ) 500 ഹെക്ടറോളം സ്ഥലത്ത് കൂടുതലായി ചെയ്യാൻ കഴിയും. ഏകദേശം 1750 മെട്രിക് ടൺ നെല്ല് കൂടുതലായി ഉല്പാദിപ്പിക്കാൻ കഴിയും.

സംസ്ഥാനത്തെ കൃഷി ഭവനുകളുടെ പ്രവർത്തനം

207 (3493) ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെകാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സാമ്പത്തിക മാന്ദ്യം സംസ്ഥാനത്തെ കൃഷി ഭവനുകളുടെ പ്രവർത്തനത്തെ എത്രത്തോളം ബാധിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ ;

(ബി) കാലാവസ്ഥാ ദുരിതമുണ്ടായാൽ കൃഷിക്കാരന് കൈയോടെ സാമ്പത്തിക സഹായം അനുവദിക്കുമെന്ന പ്രഖ്യാപനം പ്രാവർത്തികമാക്കാൻ കഴിഞ്ഞിട്ടുണ്ടോ ; ഇപ്രകാരം എത്ര കർഷകർക്ക് സഹായം ലഭ്യമാക്കിയിട്ടുണ്ട് എന്നും വിശദമാക്കാമോ ;

(സി) പുതിയ കൃഷി രീതികൾ കർഷകർക്ക് ലഭ്യമാക്കുന്നതിനായി ജീവനക്കാർക്ക് പരിശീലനം നൽകാൻ സാമ്പത്തിക മാന്ദ്യം എത്രത്തോളം തടസ്സമായിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ ?